# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM P6/1683/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM P6/1683/21 തീയ്യതി: 02/06/2022

## കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-10-2021 | 28-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 28-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശശിജോഷ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി. മഞ്ജുളാ സാഗർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷീജ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ശ്രീകുമാർ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഹംസറാവുത്തർ എസ്.എം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.അനൂപ് കുമാർ.വി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിനു.പി.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.അനുപമ പി.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനികുമാരി.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.വിപിൻ.എ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി.ലാലി | കൃഷി ഓഫീസർ | 01-04-2019 | 12-11-2019 |
| ശ്രീമതി.സ്നേഹ എസ് മോഹൻ | കൃഷി ഓഫീസർ | 13-11-2019 | 27-11-2019 |
| ശ്രീമതി.ദിവ്യ എസ് എൽ | കൃഷി ഓഫീസർ | 28-11-2019 | 31-03-2020 |
| ശ്രീ.ശ്രീജിത്ത്.യു വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആരതികൃഷ്ണൻ.ജി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശശികല എസ്. കെ. | ഡയറി ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷൈനി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-07-2019 |
| ശ്രീമതി. ഉഷാറാണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-08-2019 | 31-03-2020 |
| ശ്രീമതി.അപ്സര റ്റി.എസ് | വെറ്റിനറി സർജൻ | 01-04-2019 | 15-08-2019 |
| ശ്രീമതി.മാലിനി.കെ | വെറ്റിനറി സർജൻ | 16-08-2019 | 31-03-2020 |
| ശ്രീമതി.ലത.ജി | ഹെഡ്മിസ്ട്രസ് | 01-04-2019 | 06-06-2019 |
| ശ്രീ.ലാൽജി | ഹെഡ്മാസ്റ്റർ | 07-06-2019 | 26-06-2019 |
| ശ്രീമതി.ബീന.ജി.ആർ | ഹെഡ്മിസ്ട്രസ് | 27-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreekumar.S (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 23-05-2022) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Manjula Sagar (Asst. Audit Officer, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 23-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Manjula Sagar (Asst. Audit Officer, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Manjula Sagar (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-06-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Manjula Sagar (Asst. Audit Officer, On 04-11-2021)<br>Last Updated By: Santhosh N (Computer Assistant, On 26-05-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Sreekumar.S (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 23-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 23-05-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreekumar.S (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 02-06-2022) | 1-7 |
| 10 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Sreekumar.S (Auditor, On 01-06-2022)<br>Last Updated By: Santhosh N (Computer Assistant, On 02-06-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Sreekumar.S (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Manjula Sagar (Asst. Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ<br>Written By: Sreekumar.S (Auditor, On 28-05-2022)<br>Last Updated By: Sreekumar.S (Auditor, On 28-05-2022) | 1-10 |
| 14 | എസ്. സി. കോളനികളിൽ മിനിമാസ്റ്റ് ലൈറ്റുകൾ - അധിക നിരക്ക് നൽകി സ്ഥാപിച്ചവ പ്രയോജനരഹിതം.<br>Written By: A.Sasijosh (Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-06-2022) | 1-11 |
| 15 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകത<br>Written By: Sreekumar.S (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-12 |
| 16 | വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |

| | | |
|---|---|---|
| | Written By: Sreekumar.S (Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | |
| 17 | KAICO യിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ.<br>Written By: Sreekumar.S (Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 03-06-2022) | 1-14 |
| 18 | ഭവന പുനരുദ്ധാരണ പ്രവൃത്തികളിലെ അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 02-06-2022) | 1-15 |
| 19 | പാലിന് സബ്സിഡി - അപാകതകൾ സംബന്ധിച്ച്<br>Written By: R.Sheeja (Asst. Audit Officer, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 02-06-2022) | 1-16 |
| 20 | മറ്റൊരു പഞ്ചായത്തിലെ ഗുണഭോക്താവിനു സബ്സിഡി നൽകി.<br>Written By: Manjula Sagar (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-17 |
| 21 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Manjula Sagar (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-18 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.<br>Written By: A.Sasijosh (Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-19 |
| 23 | ബാരൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 1-20 |
| | ഭാഗം **2** | |
| 1 | വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Santhosh N (Computer Assistant, On 25-05-2022)<br>Last Updated By: Santhosh N (Computer Assistant, On 02-06-2022) | 2-1 |
| | ഭാഗം **3** | |
| 1 | പാലിന് സബ്സിഡി - അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 3-1 |
| 2 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.<br>Written By: A.Sasijosh (Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 03-06-2022) | 3-2 |
| 3 | എസ്. സി. കോളനികളിൽ മിനിമാസ്റ്റ് ലൈറ്റുകൾ- അധിക നിരക്ക് നൽകി സ്ഥാപിച്ചവ പ്രയോജനരഹിതം.<br>Written By: A.Sasijosh (Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-06-2022) | 3-3 |
| 4 | ബാരൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-06-2022) | 3-4 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 23-05-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreekumar.S (Auditor, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreekumar.S (Auditor, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreekumar.S (Auditor, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-05-2022) | 4-4 |
| 5 | വായ്പാ, വായ്പാ തിരിച്ചടവ്<br>Written By: Manjula Sagar (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 01-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sreekumar.S (Auditor, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreekumar.S (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreekumar.S (Auditor, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 25-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreekumar.S (Auditor, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 03-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreekumar.S (Auditor, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sreekumar.S (Auditor, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 03-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

22.02.2019 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 06-06-2020 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

1. ബി-18 വാട്ടർ ഡെപ്പോസിറ്റ് ഇനത്തിൽ 5000/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി രജിസ്റ്ററിൽ ആകെ ആസ്തികളുടെ മൂല്യം കണക്കാക്കിയിട്ടില്ല.
3. 2018-19 വർഷം B-11 ഷെഡ്യൂൾ പ്രകാരം Roads -Tarred (410300102) ഇനത്തിൽ 7,92,280/-രൂപയാണുള്ളത്. 2019-20 ൽ ഈ ഇനത്തിൽ 2,792,280/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 20 ലക്ഷം രൂപയുടെ റോഡ് ടാർ പണി നടത്തിയതിൻെറ വിശദാംശങ്ങൾ ലഭ്യമല്ല.
4. കോഴിക്കച്ചവട വ്യാപാരാവകാശലേലം -1000/-രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.
5. സ്റ്റെയിൽ ചെക്ക് ഇനത്തിൽ ചുവടെ പരാമർശിക്കുന്ന ചെക്കുകൾ ഉൾപ്പെട്ടു കാണുന്നില്ല.

T.S.B A/C-Joint Venture

| ചെക്ക്/നം./തീയതി | തുക (രൂപ) |
|---|---|
| 3449658/30.10.2019 | 9,629/- |
| 3449659/30.10.2019 | 5,234/- |
| 344964/19.9.2019 | 23,923/- |
| 3449656/29.10.2019 | 6,38,450/- |

D.C.B A/C

| ചെക്ക്/നം./തീയതി | തുക (രൂപ) |
|---|---|
| 14788/13.3.2020 | 350/- |
| 32622/9.6.2020 | 750/- |
| 305539/6.11.2019 | 1562 |
| 305539/6.11.2019 | 880/ |

6. 2019-20 വർഷം മരാമത്ത് പ്രവർത്തികളിൽ 17,45,849/-രൂപ പാർട്ട് ബിൽ ഇനത്തിൽ മാറിയിട്ടുണ്ട്. എന്നാൽ B-11 (A) ഷെഡ്യൂളിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 0 ആയി രേഖപ്പെടുത്തിയിരിക്കുന്നു.
7. തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.
8. B11(A) ഷെഡ്യൂളിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 0 ആയി കാണിച്ചിരിക്കുന്നു. എന്നാൽ

മരാമത്തുപ്രവൃത്തികളിൽ തൻവർഷം 3 പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ട്.

9. ലൈഫ് (സംസ്ഥാന വിഹിതം) തുകയുടെ ചെലവായി വാർഷിക കണക്കുകൾ പ്രകാരം 32,50,000/-രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 4,00,000/-രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

10. ഓഡിറ്റ് റിക്കവറി ഇനത്തിൽ ചേർത്തിരിക്കുന്ന തുക ഹെഡ് മാറി ചേർത്തിരിക്കുന്നതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹17899983.52 |
| വരവ് | ₹57985896 |
| ആകെ | ₹75885879.52 |
| ചെലവ് | ₹56457651 |
| നീക്കിയിരിപ്പ് | ₹19428228.52 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹8983/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹542483/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹658168/- |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12946000/- | 12946000/- | 11328978/- | 1617022/- | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8214000/- | 8214000/- | 6780329/- | 1433672/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്) (ACR പ്രകാരം) | 0 | 9897440/- | 98,97,440/- | 5605755/- | 4291685/- | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7703000/- | 7703000/- | 2966747/- | 4736253/- | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4125000/- | 4125000/- | 1913309/- | 2211691/- | |
| ശുചിത്വമിഷൻ ഫണ്ട് | 929434/- | 0 | 929434/- | 588377/- | 341057/- | |
| ലൈഫ് മിഷൻ (സംസ്ഥാന വിഹിതം) | 0 | 3300000/- | 3300000/- | 3250000/- | 50000/- | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 46373/- | 850757/- | 897130/- | 894226/- | 2904/- | |
| വിമുക്തി | 24240/- | 19550/- | 43790/- | 35550/- | 8240/- | |
| ഐ.സി.ഡി.എസ്. | 699117/- | 732090/- | 1431207/- | 175687/- | 1255520/- | |
| സമ്പൂർണ്ണ ശുചിത്വം | 1362400/- | 0 | 1362400/- | 638450/- | 723950/- | |
| ടോട്ടൽ സാനിട്ടേഷൻ | 0 | 160000/- | 160000/- | - | 160000/- | |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 84236754/- | 102 | 36548582/- | 19 | 73 | 52.31 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46373/- | 850757/- | 897130/- | 894226/- | 2904/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 25859662/- | 25859662/- | 25859662/- | |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69600/- | 55 |
| കർഷകതൊഴിലാളി പെൻഷൻ | 1081200/- | 195 |
| വിധവാപെൻഷൻ | 5867400/- | 1193 |
| വാർദ്ധക്യകാലപെൻഷൻ | 9262200/- | 2161 |
| വികലാംഗപെൻഷൻ | 2096800/- | 375 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | - | - |
| അവിവാഹിതരായ 50 വയസിനു മുകളിലുള്ളവരുടെ പെൻഷൻ | 184800/- | 38 |

### 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ മരണശേഷവും വിതരണം നടത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും പെൻഷണറുടെ മരണ തീയതിയ്ക്കു ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2019-20 എന്നീ വർഷങ്ങളിൽ മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താ-വിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മത്തായിക്കുട്ടി | വാർദ്ധക്യകാല പെൻഷൻ | 1103380200394 | 19-02-2020 | 2020 മാർച്ച് | 1500/- |
| 2 | തങ്കമ്മ | വിധവാ പെൻഷൻ | 103380600223 | 01-01-2020 | 2020 ഫെബ്രുവരി മുതൽ 2020 മാർച്ച് വരെ | 2400/- |
| 3 | തങ്കമ്മ | വിധവാ പെൻഷൻ | 103380600650 | 11-02-2020 | 2020 മാർച്ച് | 1300/- |
| 4 | രാജേന്ദ്രൻ | വാർദ്ധക്യകാല പെൻഷൻ | 103380201408 | 20-01-2020 | 2020 ഫെബ്രുവരി മുതൽ 2020 മാർച്ച് വരെ | 1200/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിയ്ക്കാനുള്ള സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക 6400/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-10-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 707/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടും വിമർശനങ്ങളോടും കൂടി അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾ കൂടി പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.

റോഡ്കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. സ്വീകരിച്ച അപേക്ഷകളുടെ തീർപ്പാക്കൽ വിവരങ്ങൾ ഭാഗികമാണ്.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.03.21 – 17.03.21 | 4/20 To 12/20 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.18 – 11.9.18 | 2013-14 To 2017-18 | 08.05.2019 |

1-11 എസ്. സി. കോളനികളിൽ മിനിമാസ്റ്റ് ലൈറ്റുകൾ - അധിക നിരക്ക് നൽകി സ്ഥാപിച്ചവ പ്രയോജനരഹിതം.

(എ) മിനിമാസ്റ്റ് സ്ഥാപിക്കൽ പ്രവൃത്തിയ്ക്കുള്ള കരാറിൽ രേഖപ്പെടുത്തിയ ടെണ്ടർ കിഴിവ് കൃത്യമായി കുറവ് വരുത്താതെ കരാറുകാരന് തുക നൽകി.

അസി.സെക്രട്ടറി നിർവഹണം നടത്തിയ എസ്. സി. കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം രണ്ട് എസ് സി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനായി 192307/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 12.65 % താഴ്ന്ന നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. സുരേഷ് കുമാർ എന്നയാൾക്ക് കരാർ ഉറപ്പിച്ച് നൽകുകയും ചെയ്തു. അളവു പുസ്തകം. നം. 01/DEC 19-20 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 190545/-രൂപ ആണ്. അളവു പുസ്തകം പ്രകാരമുള്ള പ്രവൃത്തി മൂല്യത്തിൽ നിന്നും 12.65% ടെണ്ടർ കിഴിവ് വരുത്തി 166441/-രൂപയായി നിജപ്പെടുത്തി ആയതിൽനിന്നും നിയമാനുസൃത ഇതര കിഴിവുകളും വരുത്തി കരാറുകാരന് തുക നൽകുന്നതിന് പകരം ടെണ്ടർ കിഴിവ് വരുത്തിയ ശേഷമുള്ള ആകെ പ്രവൃത്തി മൂല്യം 172000/- രൂപയായി നിർണയിച്ച് ആയതിൽ നിന്നും IT, KBOCWWF എന്നിവ ഈടാക്കിയ ശേഷം തുക നൽകിയതു മൂലം കരാറുകാരന് അധികമായി 5393/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെയും അനുവദിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം, പേര് - S0141/20, എസ്. സി. കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ.

അടങ്കൽ – 1,72,000/-രൂപ.

ഫണ്ടിനം – വികസനഫണ്ട് (ജനറൽ) (എസ്.സി.പി.)

ടി. എസ്. നം. – 117/EE/DDK/Electrical/18-19 Dated 29.08.2018.

കരാർ നം. – 1/19-20 തീയതി 01.10.2019

എം. ബുക്ക് നം. - 1/19-20

ആകെ പ്രവൃത്തി മൂല്യം-190545/-രൂപ

തുക പരിമിതപ്പെടുത്തിയത്-172000/-രൂപ

കിഴിവുകൾ

IT-1747/-രൂപ

KBOCWWF-1747/-രൂപ

കരാറുകാരന് നൽകിയ തുക-168506/-രൂപ

ബിൽനം./തീയതി-29/18.01.20

അനുവദനീയ തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം-190545/-രൂപ

ടെണ്ടർ കിഴിവ് 12.65%-24103.95/-രൂപ

അനുവദനീയ തുക-166441/-രൂപ

കിഴിവുകൾ

IT-1664/-രൂപ

KBOCWWF-1664/-രൂപ

കരാറുകാരന് നൽകാവുന്ന തുക-163113/-രൂപ

കരാറുകാരന് അധികമായി നൽകിയ തുക -5393/- രൂപ

(ബി) വാറന്റി കാലയളവിനുള്ളിൽ തകരാറിലായ മിനിമാസ്റ്റ് ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത പദ്ധതി പ്രകാരം മുടിയൂർക്കോണം തെക്കേക്കര കോളനിയിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റിൽ ഉറപ്പിച്ചിരിക്കുന്ന 120 വാട്ടിൻെറ മൂന്ന് എൽ.ഇ.ഡി. വിളക്കുകളും നിലവിൽ പ്രവർത്തനരഹിതമാണെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമാകുന്നു. എസ്റ്റിമേറ്റിലും അളവുപുസ്തകത്തിലും 5 വർഷ വാറന്റിയും കരാർ പ്രകാരം 2 വർഷ വാറന്റിയും രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത വൈദ്യുത വിളക്കുകളിൽ ഒരെണ്ണത്തിന്റെ മൂല്യം 12723/-രൂപയാണ്. എൽ.ഇ.ഡി. വിളക്കുകളുടെ വാറന്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയില്ല. വൈദ്യുത വിളക്കിന്റെ വാറന്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നും വൈദ്യുത വിളക്കുകൾ പ്രവർത്തനക്ഷമമാക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയും കരാറുകാരന് അധികമായി തുക നൽകിയതിൽ രേഖാമൂലമുള്ള വിശദീകരണം തേടിയും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികമായി നൽകിയ 5393/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

കരാറുകാരന് അധികമായി നൽകിയ 5393/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. വാറന്റി കാലയളവിൽ പ്രവർത്തനക്ഷമമല്ലാതായി മാറിയ മൂന്ന് എൽ.ഇ.ഡി. വിളക്കുകളുടെ മൂല്യമായ 38169/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി നൽകിയ തുക തിരികെ ഈടാക്കിയും എൽ.ഇ.ഡി. വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയും പരാമർശം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 4/ 25.10.2021.

നിരാകരിച്ച തുക - 5393/- രൂപ തടസ്സപ്പെടുത്തിയ തുക -38169/രൂപ.

1-12 ലൈസൻസ് അനുവദിക്കുന്നതിലെ അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2

ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേര് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 7 ലെ പട്ടിക-II ൽ വിവിധ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് നിശ്ചയിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ പരാമർശിക്കുന്ന തുകകളിൽ കവിയാത്ത ഒരു തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽനിന്നും ഈടാക്കേണ്ട ലൈസൻസ് തുക മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതും, ലൈസൻസിന്റെ മാതൃക അതിന് അനുസരിച്ച് പുതുക്കേണ്ടതുമാണ്. എന്നാൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് പഴയ മാതൃകയിൽ ഒരു ദിവസത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. ചട്ടപ്രകാരം ഫീസ് ഈടാക്കുന്നതിന് തുടർ നടപടി ഉണ്ടാകേണ്ടതാണ്. ഭേദഗതി ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് ഈടാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-13 വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം വസ്തുനികുതിയിൽ വലിയ കുറവുണ്ടാവുന്നതായി കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9)വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 30/-രൂപയായും പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും,

അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 30/-രൂപ നിരക്കിൽ) (ഇളവിനും വർദ്ധനവിനും ശേഷം) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 50/-രൂപ നിരക്കിൽ)(ഇളവിനും വർദ്ധനവിനും ശേഷം) | കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | 4 | 1157 | ജെറിൻ ജോൺ | 44.30 | 1675/- | 2791/- | 1116/- |
| 2 | 4 | 1158 | ജെറിൻ ജോൺ | 29.60 | 1120/- | 1846/- | 726/- |
| 3 | 4 | 1159 | ജെറിൻ ജോൺ | 32.42 | 1227/- | 2044/- | 817/- |
| 4 | 4 | 1160 | ജെറിൻ ജോൺ | 35.32 | 1336/- | 2226/- | 860/- |
| 5 | 4 | 1161 | ജെറിൻ ജോൺ | 31.19 | 1180/- | 1966/- | 786/- |
| 6 | 4 | 1162 | ജെറിൻ ജോൺ | 44.30 | 1675/- | 2646/- | 971/- |
| 7 | 4 | 1163 | ജെറിൻ ജോൺ | 29.6 | 1120/- | 1776/- | 656/- |
| 8 | 4 | 1164 | ജെറിൻ ജോൺ | 32.42 | 1227/- | 1946/- | 719/- |
| 9 | 4 | 1165 | ജെറിൻ ജോൺ | 35.42 | 1270/- | 2126/- | 856/- |
| 10 | 4 | 1166 | ജെറിൻ ജോൺ | 66.57 | 2517/- | 3994/- | 1476/- |
| | | | ആകെ | | 14347/- | 23361/- | 8983/- |

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പറഞ്ഞ കെട്ടിടത്തിലെ 1157 മുതൽ 1161 വരെ കെട്ടിട നമ്പർ നൽകിയിട്ടുള്ളവയിൽ ചാൾസ് മാർട്ട് എന്ന സൂപ്പർ മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. 26-10-2021ന് ഓഡിറ്റ് ടീം നടത്തിയ പ്രദേശിക പരിശോധനയിൽ രണ്ട് നിലകളുള്ള ഈ കെട്ടിടത്തിനെ മേൽ പറഞ്ഞ രീതിയിൽ 10 കടമുറികളായി തിരിച്ചിട്ടില്ലായെന്ന് കണ്ടെത്തി. ഈ സാഹചര്യത്തിൽ ഈ കെട്ടിടത്തിന് വ്യത്യസ്ത കെട്ടിട നമ്പർ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് ( എൻക്വയറി 7) വസ്തുനികുതി ച.മീറ്ററിന് 50/-രൂപ നിരക്കിൽ പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും മറുപടി നൽകിയിട്ടുണ്ട്. നികുതി നിർണ്ണയത്തിലെ നഷ്ടത്തുക 8983/-രൂപ കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

26-10-2021ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ടി സ്ഥലത്ത് 1179/IV ആയി നമ്പർ നൽകിയിട്ടുള്ള 39 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മുകൾ നിലയായി അതേ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഈ കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി 7) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-14 KAICO യിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിലേക്ക് നടീൽ വസ്തുക്കളും വളങ്ങളും വാങ്ങിയത് ടെണ്ടർ ക്ഷണിക്കാതെയാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നമ്പർ | ഇനം | ഇൻവോയിസ് നമ്പർ/തീയതി | ട്രഷറി ബിൽ നമ്പർ/തീയതി | തുക (₹) |
|---|---|---|---|---|---|---|
| 1 | സമഗ്ര നെൽകൃഷി വികസനം | 59/2019-20 | കുമ്മായം | 212/2019-20 മുതൽ 217/2019-20 | 4/2019-20 30-08-2019 | 43200/- |
| 2 | സമഗ്ര നെൽകൃഷി വികസനം | 59/2019-20 | പയർവിത്ത് | 1024/2019-20 | 7/2019-20 25-02-2020 | 49500/- |
| 3 | കിഴങ്ങ് കൃഷി | 17/2019-20 | കിഴങ്ങ് കിറ്റ് | 237/2019-20 | 2/2019-20 25-02-2020 | 200000/- |
| 4 | വാഴകൃഷി വികസനം | 18/2019-20 | വാഴ വിത്ത് | 1020/2019-20 | 08/2019-20 25-02-2020 | 40000/- |
| 5 | തെങ്ങ് കൃഷി വികസനം | 20/2019-20 | തെങ്ങിൻ തൈ, ജൈവവളം | 1023/2019-20 | 12/2019-20 31-03-2020 | 48750/- |

മേൽ പദ്ധതികളിൽ ടെണ്ടർ ക്ഷണിക്കാതെ KAICOയിൽ നിന്നും നടീൽ വസ്തുക്കളും വളങ്ങളും വാങ്ങിയത് സംബന്ധിച്ച അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി02) കൃഷി ഓഫീസർ വ്യക്തമായ മറുപടി ഹാജരാക്കിയിട്ടില്ല. സ.ഉ(സാധാ)2881/2019/ത.സ്വ.ഭ.വ. തീയതി 18/12/2019 പ്രകാരം ടെണ്ടർ ക്ഷണിക്കാതെ കെയ്ക്കോയിൽ നിന്നും സ്വന്തമായി ഉല്പാദിപ്പിക്കുന്ന കാർഷിക യന്ത്രോപകരണങ്ങളും സാധനസാമഗ്രികളും വാങ്ങുന്നതിന് മാത്രമാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-15 ഭവന പുനരുദ്ധാരണ പ്രവൃത്തികളിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വീട് പുനരുദ്ധാരണം (ജനറൽ), നമ്പർ-36/19-20 |

| | |
|---|---|
| അടങ്കൽ | 23,60,000/-രൂപ (വികസന ഫണ്ട് ജനറൽ)<br>8,40,000/-രൂപ (തനത് ഫണ്ട് ) |
| ചെലവ് | 23,60,000/-രൂപ (വികസന ഫണ്ട് ജനറൽ)<br>40,212/-രൂപ (തനത് ഫണ്ട്) |
| നിർവഹണം | വി.ഇ.ഒ. |

1. ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചില്ല .

ഭവനപുനരുദ്ധാരണ പ്രവർത്തികൾക്കായി ഒരു ഗുണഭോക്താവിന് 50,000/- രൂപ വച്ച് 64 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കാനാണ് പദ്ധതി അവിഷ്കരിച്ചത്. തൻവർഷം ആദ്യഗഡുവായി 25/9/2019 ൽ ബിൽ നം. 9/19-20 പ്രകാരം 15,000/-രൂപ കൈപ്പറ്റിയ ശ്രീമതി. ഗീത എസ്, കളീലഴികത്ത് വീട്, മൈലോട് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കായി ചെലവഴിച്ച 15,000/-രൂപ തിരികെ ഈടാക്കുകയോ ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിപ്പിക്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

2. മേൽ പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കായി രണ്ട് ഗുണഭോക്താക്കൾക്ക് അധിക നിരക്കിൽ സബ്സിഡി തുക നൽകി. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | അക്കൗണ്ട് നമ്പർ | കൈപ്പറ്റിയ തുക (₹) | വാല്യുവേഷൻ (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1 | നിസാർ.വൈ<br>നാജിയ മൻസിൽ<br>മരങ്ങാട് | 4668101004232<br>കാനറാ ബാങ്ക്, ഓയൂർ | 15000/-<br>(ബിൽ നം.12/19-20, 19.10.19)<br>40,000/-<br>(ബിൽ നം.31/19-20,22.01.20)<br>ആകെ 55,000/- | 40,000/- | 15,000/- |
| 2 | പത്മരാജ്<br>ചരുവിള വീട്<br>കൊട്ടറ | 4214101001370<br>കാനറാ ബാങ്ക്, പൂയപ്പള്ളി | 30,000/-<br>(ബിൽ നം.30/19-20,31.12.19)<br>15,000/-<br>(ബിൽ നം.7/19-20, 19.09.19)<br>ആകെ 45,000/- | 30,000/- | 15,000/- |
| | ആകെ | | | | 30,000/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ പ്ലാൻ ഫണ്ടിൽ നിന്നും അധികം നൽകിയ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ചാൽ ഇനി ആനുകൂല്യം നൽകാനുള്ള രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ കഴിയില്ലായെന്നും, ആയതിനാൽ അധികം നൽകിയ 30,000/- രൂപ തനതു ഫണ്ടിൽ ഒടുക്കു വരുത്തിയശേഷം പിൻവലിച്ച് ആനുകൂല്യം നൽകാനുള്ള രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. മറുപടിയോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല. മാനദണ്ഡങ്ങൾക്ക് വിധേയമായി ചെലവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 1 / 19-20, 23-10-21.

### 1-16 പാലിന് സബ്സിഡി - അപാകതകൾ സംബന്ധിച്ച്

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് പാലളവിനനുസൃതമായി സബ്സിഡി നൽകണമെന്നിരിക്കെ, ഗുണഭോക്താവിന് ക്ഷീര സംഘത്തിൽ രേഖപ്പെടുത്തിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതിലൂടെ 14,133/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.

ഡയറി ഫാം ഇൻസ്ട്രക്ടർ 2019-20 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ (പ്രോ. നം. 53/19-20) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമാക്കിയിരുന്നത്. പ്രസ്തുത പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | തുക (₹) |
|---|---|
| 1/19-20, 27.09.19 | 300050/- |
| 2/19-20, 23.01.20 | 28689/- |
| 3/19-20, 27.10.20 | 70417/- |
| 4/19-20, 23.01.20 | 50844/- |
| 7/19-20, 27.08.20 | 21606/- |
| 8/19-20, 27.03.20 | 104644/- |
| 9/19-20, 27.03.20 | 73750/- |
| ചെക്ക് നമ്പർ.0551510/7.2.20 | 272469/- |
| ചെക്ക് നമ്പർ.0551511/7.2.20 | 211225/- |
| ചെക്ക് നമ്പർ.0551513/17.03.20 | 16306/- |
| ആകെ | 1150000/- |

1. എന്നാൽ ചെങ്കുളം ക്ഷീര സഹകരണ സംഘത്തിൽ ഏപ്രിൽ മാസത്തിൽ നൽകിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതായി സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും പ്രസ്തുത സംഘത്തിൽനിന്ന് ഹാജരാക്കിയ പ്രതിമാസ പാലളവ് സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ | ഏപ്രിൽ പാലളവ് (ലിറ്ററിൽ) | ആകെ | നൽകേണ്ട സബ്സിഡി (₹) | നൽകിയ സബ്സിഡി (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| മണികുമാരകുറുപ്പ് | 67142743061 എസ്.ബി.ഐ. പൂയപ്പള്ളി | 393.5 | 393.5 | 1180.5 (1393.5x3) | 4830/- | 3649.5 |
| ബുഷറാബീവി | 4668101002026 കാനറാ ബാങ്ക് പൂയപ്പള്ളി | 42.5 | 42.5 | 127.5 (42.5X3) | 3477/- | 3349.5 |
| ബേബി | 37574547310 | 708 | 708 | 2124/- (708x3) | 9258/- | 7134/- |
| | | | | | ആകെ | 14,133/- |

പാലളവിലധികമായി നൽകിയ സബ്സിഡി 14,133/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. കൊട്ടറ ക്ഷീരോല്പാദക സഹകരണ സംഘത്തിൽ 04/2019 മുതൽ 07/2019 വരെ അളന്ന പാലിന് ബിൽ നം 1/19-20, 27.09.2019, ബിൽ നം 3/19-20, 27.10.2020, എന്നിവ പ്രകാരം ഒന്നിലധികം തവണ പാലിന് സബ്സിഡി അനുവദിച്ചു.

| ക്രമ നം. | പേര്, അക്കൗണ്ട് നമ്പർ | അളന്ന പാൽ (ലിറ്ററിൽ) | | | | അനുവദനീയമായ തുക (₹) | ബിൽ നം 1/19-20, 27.09.2019 | ബിൽ നം 3/19-20, 27.10.2020 | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|---|---|---|
| | | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ | | | | |
| 1 | തുളസീധരൻ പിള്ള 4214101003910 | 354 | 319 | 195 | 95 | 2889/- (963x3) | 2889/- | 2889/- | 2889/- |
| 2 | അനിതാ ജേക്കബ് 10840100230108 | 78.1 | - | - | - | 234/- (78.1x3) | 93/- | 235/- | 93/- |
| | | | | | | | | ആകെ | 2982/- |

ഒന്നിലധികം തവണ സബ്സിഡി അനുവദിച്ചതിലൂടെ നഷ്ടമായ 2982/-രൂപ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

3. 2019-20 സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ (പ്രോ. നം. 53/19-20) ആഗസ്റ്റ് മാസം മുതൽ നവംബർ മാസം വരെയുള്ള കാലയളവിൽ പാലിന് സബ്സിഡി നൽകുന്നതിനായി ബ്ലോക്ക് ഫണ്ട് ചെലവഴിച്ചപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് 3/-രൂപ ക്രമത്തിൽ സബ്സിഡി നൽകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് 3/-രൂപ ക്രമത്തിൽ ലിറ്ററിന് നൽകാമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ ക്ഷീര വികസന വകുപ്പിൽ നിന്ന് നൽകേണ്ടുന്ന 1/-രൂപ ക്രമത്തിലുള്ള സബ്സിഡിയും അധികമായി നൽകിയ ഇനത്തിൽ ചെലവ് ചെയ്ത തുക ക്ഷീര വികസന വകുപ്പിൽ നിന്ന് ഈടാക്കി ഒടുക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ പാലിന്റെ അളവിനേക്കാൾ അധികമായി നൽകിയ 17,115/- രൂപ (14,133+2982) ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നമ്പർ.4/10-08-21.

നിരാകരിച്ച തുക - 17,115/-രൂപ.

1-17 മറ്റൊരു പഞ്ചായത്തിലെ ഗുണഭോക്താവിനു സബ്സിഡി നൽകി.

| | |
|---|---|
| പദ്ധതി | എസ്.0050/20-ആട് ഗ്രാമം |
| അടങ്കൽ | 7,14,000/-രൂപ (വികസനഫണ്ട്- 3,57,000/-, തനതു ഫണ്ട്- 3,57,000/-) |
| ചെലവ് | വികസനഫണ്ട് -2,20,500/-രൂപ<br>( ബിൽ നം.6/19-20, 84,000/-, 14.2.2020<br>ബിൽ നം.8/20-21, 56,000/-, 23.1.2020<br>ബിൽ നം. 18/19-20, 24,500/-, 25.11.2020)<br>ബിൽ നം. 11/19-20, 72,000/- 17.3.2020<br>ബിൽ നം. 27/19-20, 56,000/-,30.3.2021)<br>തനതു ഫണ്ട്- 1,96,000/-രൂപ |
| നിർവഹണം | വെറ്ററിനറി സർജൻ |

7000/- രൂപ വിലയുള്ള ഒരാടിനെ 3,500/-രൂപ സബ്സിഡി നിരക്കിലാണ് പദ്ധതിയിൽ നൽകിയത്. ഇപ്രകാരം 34 ആടുകളെ നൽകിയ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി. മണിയമ്മ, ലാൽശ്രീ ഭവനം, പത്രത്തിയറ, റേഷൻകാർഡ് നം. 1208033318 പ്രകാരം വെളിയം ഗ്രാമ പഞ്ചായത്തിൻെറ 15-ാം വാർഡിലെ താമസക്കാരിയാണ്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഈ

ഗുണഭോക്താവ് 7-ാം വാർഡിലെ 8-ാം സ്ഥാനക്കാരിയാണ്. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഈ ഗുണഭോക്താവ് നിലവിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയെങ്കിലും ആയത് സാധൂകരിക്കുന്ന യാതൊരു രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല. ഈ കാരണത്താൽ സബ്സിഡിയിനത്തിൽ നൽകിയ 3,500/-രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/26.10.2021 .

1-18 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 6,16,499/-രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | അടങ്കൽ തുകയും ഫണ്ടിനവും | ബിൽ നം./ ചെക്ക് നം, തീയതി | ചെലവ് തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | എസ് ഒ 002/20 ഐ.കെ.എമ്മിന് വിഹിതം നൽകൽ | 80000/-രൂപ വികസന ഫണ്ട് | 21/19-20, 26-9-2019 | 77638/- | |
| 2. | എസ് ഒ 120/20 സ്ട്രീറ്റ് മെയിൻ വലിക്കൽ | 560000/-രൂപ (വികസന ഫണ്ട് 500000/-രൂപ, തനത് ഫണ്ട് 60000/-രൂപ) | 12/19-20, 17-8-2019 26/19-20, | 249900/- 249948/- | |
| 3. | എസ് ഒ 121/20 പോസ്റ്റ് ഷിഫ്റ്റിംഗ് | 100000/-രൂപ തനത് ഫണ്ട് | 26312508, 28-5-2019 | 38963/- | |
| | ആകെ | | | 616499/- | |

വിശദമായ എസ്റ്റിമേറ്റ്, ബിൽ, വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**. 9,** തീയതി **27-10-2021.**

1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-2020 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന Construction Of Earthern Bund എന്ന ഇനം പ്രവൃത്തിയ്ക്ക് Code-2.2.1, Code-2.3.1 എന്നിവ പ്രകാരം ബെൽഡർ, കൂലി എന്നീ അവിദഗ്ധ തൊഴിലാളികൾക്കുള്ള മനുഷ്യദിനങ്ങൾ കൂടാതെ ബിസ്തി, ചൗക്കിദാർ എന്നിവർക്കുള്ള മനുഷ്യദിനങ്ങളും, Hire Charges Of Diesel Road Roller, Diesel Oil , Solvent/Diesel, Sundries എന്നീ ഇനങ്ങളും ഉൾപ്പെടെ എം$^3$ ന് യഥാക്രമം 293.028/രൂപയും 192.758/-രൂപയും നിരക്ക് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത ഇനത്തിന്റെ തുടർച്ചയായി ഏതാനും പ്രവൃത്തികളിൽ Hire Charges Of Diesel Road Roller, Chowkidar, Diesel

Oil, Solvent/Diesel എന്നിവ പൂർണമായും Sundries ഇനത്തിൽ ആനുപാതികമായും കുറവ് വരുത്തി നിരക്ക് കണക്കാക്കിയും മറ്റ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് നിരക്കിൽ കുറവ് വരുത്താതെയും കൂലി അനുവദിച്ചിട്ടുണ്ട്. ബിസ്തി ഇനത്തിലുള്ള മനുഷ്യദിനം ഒരു പ്രവൃത്തിയിലും കുറവ് ചെയ്തിട്ടില്ല. നിരക്ക് കണക്കാക്കൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Code 2.2.1 - Earth Work In Rough Excavation, Banking Excavated Earth In Layers...all Kinds Of Soil.

Earthern Bund.

| ക്രമ നം. | Code | Description | Unit | Quantity | Rate | Amount (₹) |
|---|---|---|---|---|---|---|
| 1. | 0114 | Beldar | Day | 0.5900 | 271 | 159.89 |
| 2. | 0115 | Coolie | Day | 0.3600 | 271 | 97.56 |
| 3. | 0101 | Bhisti | Day | 0.0400 | 800 | 32.00 |
| 4. | 0003 | Hire Charges Of Diesel Road Roller-<br>8 To 10 Tonne | Day | 0.0008 | 1990 | 1.59 |
| 5. | 0113 | Chowkidar | Day | 0.0008 | 271 | 0.22 |
| 6. | 1235 | Diesel Oil | Litre | 0.0144 | 66 | 0.95 |
| 7. | 2342 | Solvent/Diesel | Quintal | 0.0001 | 0.00 | 0.00 |
| 8. | 9999 | Sundries | L.S. | 0.2730 | 3.00 | 0.82 |
| | | | | | ആകെ | 293.028/എം$^3$ |

ഏതാനും പ്രവൃത്തികളിൽ എസ്റ്റിമേറ്റുകളിൽ കുറവ് ചെയ്ത ഇനങ്ങൾ.

| | | | | | | |
|---|---|---|---|---|---|---|
| 1. | 0003 | Hire Charges Of Diesel Road Roller-8 To 10 Tonne | Day | 0.0008 | 1990 | 1.59 |
| 2. | 0113 | Chowkidar | Day | 0.0008 | 271 | 0.22 |
| 3. | 1235 | Diesel Oil | Litre | 0.0144 | 66 | 0.95 |
| 4. | 2342 | Solvent/Diesel | Quintal | 0.0001 | 0.00 | 0.00 |
| 5. | 9999 | Sundries | L.S. | 0.182 | 3.00 | 0.55 |
| | | ആകെ | | | | 3.305 |

എസ്റ്റിമേറ്റുകളിൽ കുറവ് വരുത്തിയശേഷം കണക്കാക്കിയ നിരക്ക് – 289.71/-രൂപ /എം$^3$.

ബിസ്തി ഇനത്തിലുള്ള മനുഷ്യദിനം ഉൾപ്പെടെ കുറവ് വരുത്തിയശേഷം കണക്കാക്കേണ്ട നിരക്ക് – 257.72/-രൂപ /എം$^3$.

Code 2.3.1 - Earth Work –Banking Excavated Earth In Layers...all Kinds Of Soil.

Earthern Bund.

| ക്രമ നം. | Code | Description | Unit | Quantity | Rate | Amount (₹) |
|---|---|---|---|---|---|---|
| 1. | 0114 | Beldar | Day | 0.2200 | 271 | 59.62 |
| 2. | 0115 | Coolie | Day | 0.3600 | 271 | 97.56 |

| | | | | | | |
|---|---|---|---|---|---|---|
| 3. | 0101 | Bhisti | Day | 0.0400 | 800 | 32.00 |
| 4. | 0003 | Hire Charges Of Diesel Road Roller-<br>8 To 10 Tonne | Day | 0.0008 | 1990 | 1.59 |
